**ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയം**

വഞ്ചിയൂർ.പി.ഒ, തിരുവനന്തപുരം, പിൻ -695035

ഫോൺ: 04712302490 ഫാക്സ്:04712303025/20303080

**ഇ-മെയിൽ :dhskerala.hlth@kerala.gov.in**

**വെബ്സൈറ്റ്: www.dhs.kerala.gov.in**

നം.ഇബി 2-8406/2025/ആവഡ തീയതി: 31-03-2025

**സർക്കുലർ**

വിഷയം: ആവഡ ജീവനക്കാര്യം-ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെന്റൽ ഹെൽത്ത് ആന്റ് ന്യൂറോ സയൻസസ്(ഇംഫാൻസ്), ഡയറക്ടർ തസ്തികയിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ സേവനമനുഷ്ഠിക്കുന്നതിന് താൽപര്യമുള്ള സൈക്യാട്രിസ്റ്റുമാരിൽ നിന്നും അപേക്ഷ ലഭ്യമാക്കുന്നത് സംബന്ധിച്ച്

സൂചന: സ.ഉ(സാധാ)നം.725/2025/H&FWD, തിയതി. 12/03/2025

ഇംഫാൻസിൽ (ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെന്റൽ ഹെൽത്ത് ആന്റ് ന്യൂറോ സയൻസസ്) ഒരു മുഴുവൻ സമയ ഡയറക്ടറെ ഡപ്യൂട്ടേഷൻ വ്യവസ്ഥയിൽ തെരഞ്ഞെടുക്കുന്നതിനായി മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ, ആരോഗ്യ വകുപ്പ് ഡയറക്ടർ എന്നിവരുടെ കീഴിൽ ജോലി ചെയ്യുന്ന

സൈക്യാട്രിസ്റ്റ്മാരിൽ നിന്നും അപേക്ഷ ക്ഷണിച്ച് ലഭ്യമായ അപേക്ഷകൾ സ്ക്രീനിംഗ് കമ്മിറ്റി മുമ്പാകെ സമർപ്പിക്കുന്നതിന് ആവശ്യമായ നടപടികൾ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ, ആരോഗ്യ വകുപ്പ് ഡയറക്ടർ എന്നിവർ സ്വീകരിക്കേണ്ടതാണെന്ന് നിഷ്കർഷിച്ച് സൂചന പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരിക്കുന്നു.

2. ആയതിനാൽ ഇംഫാൻസ് ഡയറക്ടറായി ഡപ്യൂട്ടേഷൻ വ്യവസ്ഥയിൽ സേവനമനുഷ്ഠിക്കുന്നതിന് താൽപര്യമുള്ള ആരോഗ്യ വകുപ്പിലെ സൈക്യാട്രിസ്റ്റ് തസ്തികയിലെ മെഡിക്കൽ ഓഫീസർമാർ ഇതോടൊപ്പം ഉള്ളടക്കം ചെയ്തിരിക്കുന്ന മാതൃകയിലുള്ള അപേക്ഷകൾ സമർപ്പിക്കേണ്ടതും അപ്രകാരം ലഭ്യമാകുന്ന അപേക്ഷകൾ ജില്ലാ മെഡിക്കൽ ഓഫീസർമാർ **10/04/2025 3 PM** ന് മുൻപായി ഈ ഓഫീസിൽ ലഭ്യമാക്കേണ്ടതുമാണ്.

Signed by
Reena K J
Date: 31-03-2025 08:50:24

**ആരോഗ്യവകുപ്പ് ഡയറക്ടർ**

സ്വീകർത്താവ്

1) എല്ലാ ജില്ലാ മെഡിക്കൽ ഓഫീസർമാർക്കും

2) ആരോഗ്യ വകുപ്പ് ഡയറക്ടറുടെ വെബ്സൈറ്റ്